(ബി) ഉണ്ട്. ഇ-പർച്ചേസ് സമ്പ്രദായം നടപ്പിലാക്കിയതുമൂലം ഉൽപ്പന്ന കേന്ദ്രങ്ങളിൽനിന്നുള്ള ഉൽപ്പാദകർക്കും വിതരണക്കാർക്കും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ എറണാകുളത്തുള്ള കാര്യാലയത്തിൽവരാതെ എവിടെനിന്നു വെണമെങ്കിലും ഇ-പർച്ചേസിൽ പങ്കെടുക്കുവാൻ സാധിക്കും. അതിനുപുറമെ നടപടികൾ സുതാര്യവും യുക്തിസഹവുമാക്കിയതുമൂലവും കൂടുതൽ ഉൽപ്പാദകർക്കും വിതരണക്കാർക്കും ആയാസരഹിതമായി ടെണ്ടറിൽ പങ്കെടുക്കുവാനുള്ള അവസരമുണ്ടായി. ഇ-പർച്ചേസ് നടപ്പിലാക്കുന്നതിനുമുമ്പ് ടെണ്ടറിൽ ഏകദേശം 20-ൽ താഴെ കരാറുകാർ പങ്കെടുത്തിരുന്ന സ്ഥാനത്ത് ഇപ്പോൾ ഏകദേശം 70-ൽപ്പരം കരാറുകാർ പങ്കെടുക്കുന്നുണ്ട്. കൂടുതൽ കരാറുകാർ പങ്കെടുക്കുന്നതുമൂലം മത്സരം വർദ്ധിക്കുകയും വാങ്ങൽ നിരക്കുകൾ കുറയുകയും പൊതു മാർക്കറ്റുകളിലെ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ കോർപ്പറേഷന് ഗണ്യമായ നേട്ടവുമുണ്ടായിട്ടുണ്ട്. കാലാകാലങ്ങളിൽ പൊതുമാർക്കറ്റുകളിലെ നിരക്കുകളിൽ വ്യതിയാനമുണ്ടാകുന്നതിന് ആനുപാതികമായി ഇ-പർച്ചേസ് നിരക്കുകളിലും വ്യതിയാനം സംഭവിക്കുന്നതിനാൽ ഇ-പർച്ചേസ് നടപ്പിലാക്കിയതുമൂലമുണ്ടായ സാമ്പത്തികനേട്ടം കണക്കാക്കുവാൻ നിർവ്വാഹമില്ല. നിലവിലെ ഇ-ടെണ്ടർ സമ്പ്രദായം മാറ്റണമെന്നാവശ്യപ്പെട്ട് ശ്രീ. വി. എം. യാഹിയ ഹൈക്കോടതിയിൽ W.P.(c) No.36307/10 പ്രകാരം ഹർജി ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ആവശ്യം തടയുന്നതിന് എതിർ സത്യവാങ്മൂലം സമർപ്പിക്കുവാനുള്ള നടപടികളെടുത്തിട്ടുണ്ട്.

സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള വസ്തുക്കളിൽ മായംചേർക്കൽ

107 (121) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണത്തിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന ചെറുപയറിൽ ടെട്രാസൈൻ എന്ന മാരക വസ്തുവിന്റെ സാന്നിദ്ധ്യം ഈയിടെ കണ്ടെത്തുകയുണ്ടായോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) അതുപോലെ ഉച്ചഭക്ഷണത്തിനായി സൂക്ഷിച്ചിരുന്ന അരിയിൽ അന്വേഷണ സംഘം കീടബാധകണ്ടെത്തിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതിൽ മായം ചേർക്കൽ നിരോധനനിയമലംഘനം മാത്രമല്ല ടെണ്ടർ നടപടികളിലും വ്യാപകമായ ക്രമക്കേടുകൾ നടന്നതായി അന്വേഷണം നടത്തി വിജിലൻസ് വിഭാഗം കണ്ടെത്തുകയുണ്ടായോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തെങ്കിലും പ്രാഥമിക നടപടികൾ ഇതിനകം കൈക്കൊള്ളുകയുണ്ടായോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കും ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇത് സംബന്ധമായ കേസ് ഇപ്പോൾ കോടതിയിൽ നിലവിലുണ്ടോ ; എങ്കിൽ ഏത് ഘട്ടത്തിൽ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്കൂൾ കുട്ടികൾക്ക് ചെറുപയർപരിപ്പ് വിതരണം ചെയ്യുന്നില്ല. ഇതിനെക്കുറിച്ച് വിജിലൻസ് ഡയറക്ടർ സർക്കാരിന് നൽകിയ റിപ്പോർട്ടിൽ വിഷാംശം കലർന്നതായി രേഖപ്പെടുത്തിയിട്ടില്ല. ഈ വിഷയത്തിൽ സഭയിൽ നടന്ന ചർച്ചയിൽ സർക്കാരിന്റെ നടപടികൾ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. ചാവക്കാട് ഡിപ്പോയിൽ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽനിന്നും ലഭിച്ച ഉച്ചക്കഞ്ഞി അരിയിൽ പ്രാണികളുടെ സാന്നിദ്ധ്യം കണ്ടെത്തിയതായി വിജിലൻസ് വിഭാഗത്തിന്റെ മിന്നൽ പരിശോധനപ്രകാരം അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

(സി) ഇ-ടെണ്ടർ നടപടികളിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നതായി വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല.

(ഡി&ഇ)

1. സ്കൂൾ കുട്ടികൾക്കുള്ള ഉച്ചക്കഞ്ഞി വിതരണ കാര്യത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ശക്തമായ സംവിധാനമുണ്ട്. ഉച്ചക്കഞ്ഞി വിതരണത്തിനായി ഫുഡ് കോർപ്പറേഷനിൽ നിന്നും ലഭിക്കുന്ന അരി ഉൾപ്പെടെയുള്ള ഭക്ഷണ പദാർത്ഥങ്ങൾ കർശനമായ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കിയശേഷമേ വിതരണം നടത്താവൂയെന്ന് എല്ലാ ഡിപ്പോ മാനേജർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

2. ക്വാളിറ്റി പരിശോധനയ്ക്കായി 95/2006 എന്ന ക്വാളിറ്റി മാനുവൽതന്നെ നിലവിലുണ്ട്. സർക്കുലർ നമ്പർ 12/2010 പ്രകാരവും ക്യൂ.സി.1833/09 തീയതി 22-9-2009 കത്ത് പ്രകാരവും എല്ലാ ഡിപ്പോ മാനേജർമാർക്കും ഉച്ചക്കഞ്ഞി വിതരണവുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

3. ഉച്ചക്കഞ്ഞി വിതരണത്തിനാവശ്യമായ അരി ഫുഡ് കോർപ്പറേഷനിൽ നിന്നാണ് ലഭിക്കുന്നതെങ്കിലും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്, ഫുഡ് കോർപ്പറേഷന് മേൽ യാതൊരു നിയന്ത്രണവും ഇല്ല.

4. കർശനമായ ഗുണനിലവാരം പാലിക്കുവാനും സപ്ലൈകോയുടെ ഔട്ട്ലെറ്റുകളെല്ലാം ശുദ്ധമായും വൃത്തിയായും പരിപാലിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കോർപ്പറേഷന്റെതന്നെ വിജിലൻസ് വിഭാഗം കർശനമായ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. ഇതിന് പുറമെ ഗുണനിലവാര പരിശോധന കൂടുതൽ കർശനമാക്കാൻ എല്ലാ തലങ്ങളിലും നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ഒരു സ്വകാര്യ കച്ചവടക്കാരൻ കോടതിയിൽ നൽകിയ കേസ് നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly